**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4683** **10-08-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ ആസ്തികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സംരക്ഷണത്തിന് നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ വഖഫുകളുടെയും നിയന്ത്രണവും മേൽനോട്ടവും വഖഫ് നിയമം സെക്ഷൻ 32 പ്രകാരം വഖഫ് ബോർഡിനാണ്. വഖഫിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രാഥമിക ഉത്തരവാദിത്വം അതാത് വഖഫ് മുതവല്ലി/ കമ്മിറ്റിക്കാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം വഖഫ് നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ച് വഖഫ് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; | (ബി) | കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടതുമായ കുളങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ചാവക്കാട് താലൂക്കിലെ 240 വഖഫുകളിൽ 4245/ ആർ.എ.നമ്പരായി വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വി.കെ.കുഞ്ഞിബാവ ഹാജി വഖഫിന്റെ ഉടമസ്ഥതയിലുള്ള അമ്പത്ത് കുളം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ